(9) ബില്ലിന്റെ പരിഗണന സംബന്ധിച്ച്

2018 ഏപ്രിൽ മാസം 04-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസും തുടർന്ന് കൊണ്ടുവന്നിട്ടുള്ള ബില്ലും ദുരുദ്ദേശപരവും നിയമവിരുദ്ധവും വിദ്യാഭ്യാസ കച്ചവടത്തിന് അനുമതി നൽകുന്നതുമാണെന്നും കണ്ണൂർ-കരുണ മെഡിക്കൽ കോളേജുകളിൽ 2016-17 അദ്ധ്യയന വർഷത്തിലെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജെയിംസ് കമ്മിറ്റി പ്രവേശനം റദ്ദാക്കുകയും എൻട്രൻസ് കമ്മീഷണറോട് നേരിട്ട് അഡ്മിഷൻ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തതെന്നും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നിരവധി തവണ ഇതുസംബന്ധിച്ച ഹർജിയും പുന:പരിശോധനാ ഹർജിയും പരിഗണനയ്ക്കെടുക്കുകയും വിശദമായ വാദം കേൾക്കലിനുശേഷം തള്ളപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഇതൊക്കെ മറികടക്കാൻ വേണ്ടിയാണ് ഇത്തരമൊരു ഓർഡിനൻസും

ബില്ലും കൊണ്ടുവന്നിരിക്കുന്നതെന്നും സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന ഓർഡിനൻസ് സ്റ്റേ ചെയ്യുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകുകയും നാളെ കോടതിയുടെ പരിഗണനയ്ക്ക് വരികയും ഓർഡിനൻസിന്റെ നിയമസാധുതയെക്കുറിച്ച് സുപ്രീംകോടതി സംശയം പ്രകടിപ്പിച്ചിരിക്കുന്നതുമായ സാഹചര്യത്തിൽ റീപ്ലേസ് ചെയ്യുന്നതിനുള്ള ബിൽ സഭ പരിഗണിക്കുന്നത് നിയമവിരുദ്ധവും ക്രമവിരുദ്ധവുമാണെന്ന് ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസിനെതിരെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നൽകിയ ഹർജി 29-03-2018-ന് സുപ്രീം കോടതി പരിഗണിച്ചെങ്കിലും പ്രസ്തുത ഓർഡിനൻസ് സ്റ്റേ ചെയ്യുമെന്ന രീതിയിൽ ജഡ്ജിമാർ പരാമർശം നടത്തുകയോ അറിയിപ്പ് നൽകുകയോ ചെയ്തിട്ടില്ലെന്നും 02-04-2018-ന് പ്രസ്തുത കേസ് സുപ്രീംകോടതി വീണ്ടും പരിഗണനയ്ക്കെടുത്തെങ്കിലും വിദ്യാർത്ഥികൾക്കുവേണ്ടി ഹാജരായ ജഡ്ജിമാരുടെ ആവശ്യപ്രകാരം കേസിന്റെ പരിഗണന 05-04-2018-ലേയ്ക്ക് മാറ്റിയിരിക്കുകയാണെന്നും

സീനിയർ അഭിഭാഷകരുമായും നിയമ വകുപ്പ് സെക്രട്ടറിയുമായും നടത്തിയ കൂടിയാലോചനകൾക്കുശേഷം സർക്കാരിന് സമർപ്പിച്ച ബില്ലിൽ ചില ഭേദഗതി വരുത്തി സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ബിൽ പരിഗണിക്കുന്നതിൽ ക്രമവിരുദ്ധമായി യാതൊന്നുമില്ലെന്നും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

" ഒരു ബിൽ സഭയുടെ പരിഗണനയ്ക്ക് വരുമ്പോൾ പ്രസ്തുത ബില്ലിലൂടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമനിർമ്മാണത്തിന് സഭയ്ക്ക് ഭരണഘടനാദത്തമായ ലെജിസ്ലേറ്റീവ് കോംപീറ്റൻസി ഉണ്ടോയെന്നും ഭരണഘടനയും നടപടിച്ചട്ടവും അനുസരിച്ചുള്ള മറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുകയും അവയെല്ലാം ഈ ബില്ലിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഓർഡിനൻസിലെ വ്യവസ്ഥ സംബന്ധിച്ച് സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ചില ഭേദഗതികൾകൂടി ഔദ്യോഗിക ഭേദഗതിയായി

---

* XIV KLA X Session Vol. No. 171/No. 22 dated 04.04.2018

ബില്ലിൽ നിർദ്ദേശിക്കുന്നതാണെന്ന് വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ സംബന്ധിച്ച് സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ബില്ലുമായി മുന്നോട്ടുപോകുന്നതിൽ അപാകതയില്ല. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.”